"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 01-04-2020

## സർക്കുലർ നം 18

കോവിഡ് രോഗഭീഷണിയുടെ കാലത്ത് കേരളത്തിലെ ജയിൽ വകുപ്പ് ആകർഷകമായ സാമൂഹ്യ ഇടപെടലാണ് നിർവ്വഹിച്ചത്.കൊറോണ വൈറസിൻറെ വ്യാപനത്തിൻറെ ആദ്യഘട്ടത്തിൽ തന്നെ ജയിൽ വകുപ്പ് കേരളത്തിലെ 55 ജയിൽ സ്ഥാപനങ്ങളിലും പ്രത്യേക നിർദ്ദേശങ്ങൾക്കൊന്നും കാത്തുനിൽക്കാതെ തന്നെ സ്വീകരിച്ച നടപടികൾ സുപ്രീംകോടതിയുടെ തുടർച്ചയായ പ്രശംസക്കും മാതൃകാപരമെന്ന പരാമർശത്തിനും ഇടയാക്കിയിരുന്നു.

കോവിഡ് രോഗവ്യാപനഘട്ടത്തിൽ പൊതുസമൂഹത്തിന് ഏറ്റവും അത്യാവശ്യമായി കണ്ടത് മുഖം മറയ്ക്കുന്ന കോട്ടൺ മാസ്കുകളും, കൈ ശുദ്ധീകരിക്കുന്ന സാനിടൈസറുകളുമായിരുന്നു. പൊതു വിപണിയിൽ ഇത്തരം ഉത്പ്പന്നങ്ങളുടെ ക്ഷാമവും വിലക്കയറ്റവും ശ്രദ്ധയിൽപ്പെട്ടതുകൊണ്ടും, ജയിൽ സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് സംഭാവന ചെയ്യാൻ കഴിയുമെന്ന് തോന്നിയതു കൊണ്ടുമാണ് ജയിൽ വകുപ്പ് ഇക്കാര്യത്തിൽ ഉത്തരവാദിത്തം ഏറ്റെടുത്തത്.ജയിൽ വകുപ്പിൻറെ ഇടപെടൽ മൂലമാണ് മാസ്കുകളുടേയും സാനിടൈസറിൻറേയും വില പിടിച്ചു നിർത്താൻ കഴിഞ്ഞത്. വകുപ്പിൻറെ പ്രവർത്തനത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിൻറെ പ്രതിദിന " മാധ്യമ കൂട്ടായ്മ " യിൽ എടുത്ത് പറഞ്ഞ അഭിനന്ദിച്ചത് ചെയ്തത് വകുപ്പിന് അഭിമാനിക്കാവുന്ന കാര്യമാണ്.

കോവിഡ് രോഗ ഭീഷണിയെ തുടർന്ന് ഗവൺമെൻ്റ് ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ അന്തേവാസികളെ പരോളിലും , ബഹു ഹൈക്കോടതിയുടെ ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ ഇടക്കാല ജാമ്യത്തിലും സ്വതന്ത്രരാക്കുന്ന സാഹചര്യത്തിൽ സാനിടൈസറുകളും, മാസ്കുകളും നിർമ്മിക്കുക എന്ന സാമൂഹ്യ ഉത്തരവാദിത്വത്തിൽ നിന്ന് പിൻ തിരിയാതെയും മുടക്കമില്ലാതെയും മുന്നോട്ട് കൊണ്ടുപോകുന്നതിന് അതാത് ജയിൽ സ്ഥാപനങ്ങളുടെ സൂപ്രണ്ടുമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ അവരവരുടെ സ്ഥാപനങ്ങളിൽ പ്രസ്തുത ജോലികൃത്യമായി നിർവ്വഹിക്കേണ്ടതാണെന്ന് കർശനമായി നിർദ്ദേശിക്കുന്നു. മേഖലാ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ടാസ്ക് ഫോഴ്സ് ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതും ആതാതു ദിവസത്തെ വിവരങ്ങൾ പ്രിസൺ കൺട്രോൾ റൂമിൽ റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്:  എല്ലാ സ്ഥാപന മേധാവികൾക്കും

DIG(HQ)-5974/2020/PrHQ

7be475